## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.431 | 26.06.2019-ൽ മറുപടിയ്ക്ക് |
|---|---|

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജലസംരക്ഷണ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.സത്യൻ<br>,, വി. കെ. സി. മമ്മത് കോയ<br>,, കെ.ജെ. മാക്സി<br>,, എം. മുകേഷ് | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | ഖരമാലിന്യ സംസ്കരണം പോലെ സംസ്ഥാനം അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നമായ ജലമലിനീകരണം തടയുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമാമോ; | (എ) | • ഖരമാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് നിക്ഷേപിക്കുന്നതു തടയുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗാർഹിക, കമ്മ്യൂണിറ്റി സ്ഥാപനതലങ്ങളിൽ വിവിധ മാതൃകകളിലുള്ള സംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ചു വരുന്നു.<br>• വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ദ്രവമാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സാങ്കേതിക അനുമതി ലഭ്യമാക്കി നടപടി സ്വീകരിച്ചു വരുന്നു.<br>• ദ്രവ മാലിന്യങ്ങളും കക്കൂസ് മാലിന്യങ്ങളും ജലാശയങ്ങളിൽ നിക്ഷേപിക്കുന്നത് തടയുന്നതിനായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കേന്ദ്രീകൃത സീവേജ്/സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>• പുഴകളുടെയും ജലാശയങ്ങളുടെയും മലിനീകരണം തടയുന്നതിന്റെ ഭാഗമായി പുഴകളിലേക്ക് അനധികൃതമായി സീവേജ് മാലിന്യങ്ങൾ ഒഴുക്കി വിടുന്നവർക്കെതിരെ, കേരള പഞ്ചായത്തീരാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ ആക്ട് എന്നിവ പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിഴയീടാക്കുകയും ശിക്ഷാനടപടികൾ സ്വീകരിക്കുകയും മാലിന്യം ഒഴുക്കി വിടുന്ന കുഴലുകൾ അടയ്ക്കുന്നതടക്കമുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു.<br>• പെരിയാർ, കടമ്പ്രയാർ, ചിത്രപ്പുഴ, തിരൂർ പുഴ, കടലുണ്ടി പുഴ, ഭാരതപ്പുഴ, കരുവന്നൂർ പുഴ, പുലിയന്നൂർ-കേച്ചേരി പുഴ, പുഴയ്ക്കൽ പുഴ, കല്ലായി പുഴ, കുപ്പം പുഴ എന്നീ പുഴകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് അതത് പുഴകളുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. |

<table>
<tr><td></td><td></td><td></td><td>

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ജലസ്രോതസ്സുകൾ ശുചിയാക്കി പുനരുജ്ജീവിപ്പിച്ച് ശുദ്ധജല ലഭ്യത ഉറപ്പാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ ഹരിതകേരളം മിഷന്റെ ഭാഗമായി ജലസംരക്ഷണ (ജലസമൃദ്ധി) ഉപമിഷൻ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.
- പുഴകളിലെ നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്നതിനായി പുഴകളുടെ വൃഷ്ടി പ്രദേശത്ത് നടത്തേണ്ട ജലസംരക്ഷണ പ്രവർത്തനങ്ങളും തോടുകളുടേയും കുളങ്ങളുടേയും സംരക്ഷണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ബഹുഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നീർത്തട പ്ലാനുകൾ തയ്യാറാക്കി അംഗീകരിക്കുകയും അതനുസരിച്ചുള്ള നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

</td></tr>
<tr><td>(ബി)</td><td>ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണ പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവർത്തനത്തിന്റെ പുരോഗതി വിശദമാക്കാമോ;</td><td rowspan="2">(ബി)<br>&<br>(സി)</td><td rowspan="2">

ഹരിത കേരളം മിഷന്റെ ഭാഗമായി ജലസംരക്ഷണ മേഖലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം | പ്രവൃത്തി | നീളം /എണ്ണം |
|---|---|---|
| 1 | പുനരുജ്ജീവിപ്പിച്ച പുഴകൾ | 202 കി.മീ. |
| 2 | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ/തോടുകൾ | 18138 കി.മീ. |
| 3 | റീച്ചാർജ്ജ് ചെയ്ത കിണറുകൾ | 48936 എണ്ണം |
| 4 | നിർമ്മിച്ച കിണറുകൾ | 15000 എണ്ണം |
| 5 | നവീകരിച്ച കിണറുകൾ | 4625 എണ്ണം |
| 6 | നവീകരിച്ച കുളങ്ങൾ | 15381 എണ്ണം |
| 7 | നിർമ്മിച്ച കുളങ്ങൾ | 13738 എണ്ണം |

- 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നീർത്തട നടത്തം പൂർത്തിയാക്കി.
- 843 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നീർത്തടപ്ലാൻ തയ്യാറാക്കി.
- 1,47,239 ഏക്കർ വൃഷ്ടി പ്രദേശ പരിപാലനം നിർവ്വഹിച്ചു
- കുട്ടമ്പേരൂർ പുഴ, കിള്ളിയാർ, കോലറയാർ, വടക്കേപ്പുഴ, ചാലംകോട് തോട്, മുട്ടം പറപ്പാ തോട്, കമ്പ്രയാർ, പെരും തോട്, പൂനൂർ പുഴ തുടങ്ങി മലിനമായി കിടന്ന ജലസ്രോതസുകൾ ശുദ്ധീകരിച്ചു നീരൊഴുക്ക് സാധ്യമാക്കി.

</td></tr>
<tr><td>(സി)</td><td>ഗ്രാമപ്രദേശങ്ങളിലെ മുഖ്യ കുടിവെള്ള സ്രോതസ്സെന്ന നിലയിൽ കിണറുകൾ പുതുതായി കുഴിക്കുന്നതിനും നിലവിലുള്ളവയിലെ ജല നിരപ്പുയർത്തുന്നതിനും കുളങ്ങളും തോടുകളും അരുവികളും ജലസമൃദ്ധമാക്കുന്നതിനും കൈക്കൊണ്ടുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?</td></tr>
</table>

| | | | |
|---|---|---|---|
| | | | • മീനച്ചിലാർ- മീനന്തറയാർ - കൊടൂരാർ പുനസംയോജനം സാധ്യമാക്കി. 800 ഹെക്ടർ കൃഷി പുനരാരംഭിച്ചു.<br>• കൊല്ലം ജില്ലയിലെ കൊട്ടാരക്കര പാണ്ടിവയൽ തോട് പുനരുജ്ജീവിപ്പിച്ച് പ്രദേശത്തെ നെൽ കൃഷി പുനരാരംഭിച്ചു.<br>• കാട്ടാക്കട മണ്ഡലത്തിൽ ജലസുരക്ഷയ്ക്ക് 'വറ്റാത്ത ഉറവയ്ക്കായിജലസമൃദ്ധി' പദ്ധതി നടപ്പാക്കി.<br>• വരട്ടാർ നദി പുനരുജ്ജീവനം സാധ്യമാക്കി. ആദി പമ്പ-വരട്ടാർ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ട മാസ്റ്റർപ്ലാൻ തയ്യാറായി.<br>• പുനരുജ്ജീവിപ്പിച്ച മറ്റ് നദികളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനുള്ള രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു.<br>• കാനാമ്പുഴ മാസ്റ്റർ പ്ലാൻ തയ്യാറാക്കി തുടർപ്രവർത്തനങ്ങൾ ആരംഭിച്ചു. പെരും തോടിൽ പ്രത്യേക പദ്ധതിക്ക് അനുമതി നേടി.<br>• പുതിയ കുളങ്ങളുടെ നിർമ്മാണത്തിലൂടെയും നിലവിലുള്ള കുളങ്ങളുടെ പുനരുദ്ധാരണത്തിലൂടെയും 80,66,058 ഘന മീറ്റർ ജലസംഭരണ ശേഷി സാധ്യമാക്കി.<br>• ജലസംരക്ഷണ-സംഭരണ-പരിപാലനം ലക്ഷ്യമിട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വാർഡ് അടിസ്ഥാനത്തിൽ ജല പാർലമെന്റുകൾ സംഘടിപ്പിച്ചു.<br>• നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നീർത്തട നടത്തം സംഘടിപ്പിച്ചു. തയ്യാറാക്കപ്പെട്ട മാസ്റ്റർപ്ലാനുകളുടെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണമാരംഭിച്ചു.<br>• ജലമിതവ്യയ ബോധവത്കരണം ലക്ഷ്യമിട്ട് സംസ്ഥാനത്തുടനീളം 'ജലമാണ് ജീവൻ' എന്ന പേരിൽ ക്യാമ്പയിൻ സംഘടിപ്പിച്ചു |

സെക്ഷൻ ഓഫീസർ